പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4546 — 21/3/2018-ൽ മറുപടിക്ക്

## ആൻജിയോ പ്ലാസ്റ്റി മെഡിക്കൽ ഉപകരണങ്ങളുടെ വിലനിയന്ത്രണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് ഹൃദ്രോഗികൾക്ക് ഉപയോഗിക്കുന്ന ആൻജിയോ പ്ലാസ്റ്റി മെഡിക്കൽ ഉപകരണങ്ങൾക്ക് അമിതവില ഈടാക്കി വരുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മെഡിക്കൽ ഉപകരണങ്ങൾക്കാണ് കമ്പനികൾ അമിതവില ഈടാക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | എ) | ഇത്തരത്തിലുള്ള പരാതികളൊന്നും നിലവിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ ലഭിച്ചിട്ടില്ല. |
| ബി) | ഇത്തരം മെഡിക്കൽ ഉപകരണങ്ങളുടെ വിലനിയന്ത്രണത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | ബി) | ഉണ്ട്. ആൻജിയോ പ്ലാസ്റ്റി പ്രക്രിയയ്ക്ക് ഉപയോഗിക്കുന്ന മെഡിക്കൽ ഉപകരണങ്ങളായ ബെയർ മെറ്റൽ സ്റ്റെന്റ്, ഡ്രഗ് എല്യൂട്ടിംഗ് സ്റ്റെന്റ് എന്നിവയുടെ വിലയിൽ 2012 വരെ നിയന്ത്രണമില്ലാതിരുന്നതിനാൽ, ഇവയ്ക്ക് അമിത വില ഈടാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 13/02/2017 മുതൽ നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി ഇവയുടെ വില നിജപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ ബെയർ മെറ്റൽ സ്റ്റെന്റിന് 7660/- രൂപയും ഡ്രഗ് എല്യൂട്ടിംഗ് സ്റ്റെന്റിന് 27,890/- രൂപയും ആണ് വില. ഈ വിലയിൽ കൂടുതൽ രോഗികളിൽ നിന്ന് ഈടാക്കുന്നില്ലായെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തര പരിശോധനകളിലൂടെ ഉറപ്പ് വരുത്തുന്നുണ്ട്. |
| സി) | മെഡിക്കൽ ഉപകരണങ്ങളെ അവശ്യമരുന്നുകളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയോട് | സി) | മെഡിക്കൽ ഉപകരണങ്ങളെ അവശ്യമരുന്നുകളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് |

→

| | |
|---|---|
| ആവശ്യപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ വിലനിയന്ത്രണം ഏത് രീതിയിൽ സാധിക്കുമെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ? | അതോറിറ്റിയാണ്. ആയത് എൻ.പി.പി.എ യുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ